സമഗ്ര കാർഷിക വികസനപദ്ധതി

ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതുവഴി കഴിഞ്ഞ പത്തു കൊല്ലത്തിനുള്ളിൽ ലക്ഷക്കണക്കിന് കൃഷിക്കാർ അവർ കൃഷി ചെയ്തു കൊണ്ടിരുന്ന ഭൂമിയുടെ ഉടമകളായി കഴിഞ്ഞു. അതുപോലെ കർഷക തൊഴിലാളികളും മറ്റു ഗ്രാമീണ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരും, സാമ്പത്തികവും സാമൂഹ്യവുമായ അവശതകൾ അനുഭവിക്കുന്നവരുമായ അനേകലക്ഷം പേർക്കു കുടികിടപ്പു ഭൂമിയിൽ ഉടമാവകാശം ലഭിച്ചിട്ടുണ്ട്. ഇങ്ങനെ ഗ്രാമീണ സമ്പദ്വ്യവസ്ഥയിൽ ചെറുകിട-ഭൂവുടമകളായിത്തീർന്ന ഒരു പുതിയ വർഗ്ഗം ഉണ്ടായിക്കഴിഞ്ഞു. ഈ പുതിയ സമൂഹത്തിന്റെ സാമ്പത്തികവും സാമൂഹ്യവുമായ പുരോഗതി ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയെന്നതാണ് ഈ സാമൂഹ്യ വിപ്ലവത്തിന്റെ രണ്ടാം ഘട്ടം. വിഭവശേഷിയുടെ കുറവും സാങ്കേതിക വിജ്ഞാനത്തിന്റെ അഭാവവും മൂലം ഇത്തരക്കാരുടെ കൃഷി ഭൂമിയിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഇന്നു ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ കൃഷി ഭൂമിയിലെ ഉല്പാദനം വർദ്ധിപ്പിക്കുക, മറ്റു ഉപതൊഴിലുകൾക്കു സൗകര്യം നല്കുക, എന്നിവ ആവശ്യമാണ്. ഭൂമി, വെള്ളം, എന്നിവ വേണ്ട വിധത്തിൽ ഉപയോഗിക്കുവാൻ സാധിക്കാത്തതാണ് നമ്മുടെ കാർഷിക മേഖലയിലെ ഉല്പാദനക്കുറവിനും തൊഴിലവസരങ്ങളുടെ ദൗർലഭ്യത്തിനും മുഖ്യമായ കാരണങ്ങൾ. സംസ്ഥാനത്തിന്റെ മദ്ധ്യമേഖലാ—തീരപ്രദേശങ്ങളിൽ ഭൂഗർഭജലം ധാരാളം ഉണ്ടെന്നു കണ്ടു പിടിക്കപ്പെട്ടിട്ടുണ്ട്. വൈദ്യുതി നമുക്കു ആവശ്യത്തിനുണ്ടുതാനും. ഗ്രാമപ്രദേശങ്ങളിൽ ഇന്നു പൂർണ്ണമായും ഉപയോഗപ്പെടുത്താതെ കിടക്കുന്ന തൊഴിൽശക്തി പ്രയോജനപ്പെടുത്തി വൈദ്യുതിയുടെ സഹായത്തോടെ ജലസംഭരണവും വിതരണവും വർദ്ധിപ്പിച്ച്, ലഭ്യമായ ഭൂമി പരമാവധി പ്രയോജനപ്പെടുത്തി, ഉല്പാദനം വർദ്ധിപ്പിച്ച് ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ കാര്യമായ പുരോഗതി കൈവരിക്കുവാൻ സാധിക്കും. കിണറുകൾ, കുളങ്ങൾ, കുഴൽ കിണറുകൾ മുതലായവ നിർമ്മിക്കുകയും പമ്പു സെറ്റുകൾ ഉപയോഗിച്ചു വെള്ളം കൃഷി ഭൂമിയിൽ എത്തിക്കുകയും, ഇടവിളകൾ കൃഷി ചെയ്ത് ഭൂമിയുടെ ഉപയോഗം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ഇങ്ങനെ ഭൂമി, വെള്ളം, തൊഴിൽ ശക്തി, വൈദ്യുതി എന്നീ വിഭവങ്ങൾ ഏകോപിപ്പിച്ചുകൊണ്ടു ബൃഹത്തായ ഒരു കാർഷിക വികസന പദ്ധതി ഇക്കൊല്ലം തുടങ്ങി വരുന്ന 5 വർഷത്തിനുള്ളിൽ സംസ്ഥാനത്തുടനീളം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു. ആദ്യ ഘട്ടത്തിൽ ഓരോ ജില്ലയിലേയും 2 ബ്ലോക്കുകളിൽവീതം ഈ പദ്ധതി നടപ്പിൽ വരുത്തും. ഈ പദ്ധതിയുടെ വിജയം, അതിനോടുള്ള കൃഷിക്കാരുടെ സഹകരണത്തേയും, പങ്കാളിത്തത്തേയും ആശ്രയിച്ചിരിക്കും. കൃഷിക്കാരും ഉദ്യോഗസ്ഥൻമാരുമായി പരമാവധി സഹകരിച്ച് പ്രവർത്തിക്കാനുതകുന്ന തരത്തിലുള്ള ഫലപ്രദമായ ഒരു സംവിധാനം ഈ പദ്ധതിയുടെ വിജയത്തിനാവശ്യമാണ്. കൃഷി ഇറിഗേഷൻ, കമ്മ്യൂണിറ്റി ഡവലപ്പ്മെൻറ്, സഹകരണം, ഡെയറി ഡെവലപ്പ്മെൻറ്, റവന്യൂ എന്നീ ഡിപ്പാർട്ടുമെൻറുകളുടെയും, ഇലക്ട്രിസിറ്റിബോർഡിന്റെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് മേൽ പറഞ്ഞ വിധത്തിലുള്ള ഒരു സംവിധാനത്തിനു രൂപം നൽകുന്നതാണ്. ഈ ഡിപ്പാർട്ടുമെൻറുകൾ വഴിയും മറ്റും ലഭിക്കുന്ന സഹായങ്ങളും വിഭവങ്ങളും സമാഹരിച്ചതിനുശേഷവും ഇതിലേക്ക് കൂടുതലായി ആവശ്യമായി വരുന്ന തുക ധനകാര്യ സ്ഥാപനങ്ങളിൽനിന്നും മറ്റും.

LIBRARY ARCHIVES Kerala Legislative Assembly

സ്വരൂപിക്കുന്നതാണ്. ഈ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുവാൻ കുഴൽ കിണറുകൾ കുഴിക്കുന്നതിന് ബഡ്ജറ്റിൽ ഒരു കോടി രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്.

സഹകരണ ക്രെഡിറ്റ് സ്ഥാപനങ്ങൾക്ക് പലിശനിരക്ക് കുറയ്ക്കുന്നതിന് ധനസഹായം

സഹകരണ ക്രെഡിറ്റ് സ്ഥാപനങ്ങൾ കൃഷിയാവശ്യങ്ങൾക്ക് കൊടുക്കുന്ന ഹ്രസ്വകാല വായ്പകളിൻമേൽ ഇപ്പോൾ ഈടാക്കുന്ന പലിശയിൽ മൂന്നു ശതമാനം കുറവ് അനുവദിക്കുന്നതാണ്. ഈ ഇളവ് മുടക്കം കൂടാതെ കൃത്യമായി കാലാവധിക്ക് വായ്പ തിരിച്ചടക്കുന്നവർക്ക് മാത്രമേ ലഭിക്കുകയുള്ളൂ. സഹകരണ ക്രെഡിറ്റ് സ്ഥാപനങ്ങൾക്ക് തൻമൂലമുണ്ടാകുന്ന നഷ്ടം ഗവൺമെൻറ് പരിഹരിക്കുന്നതാണ്. ഇതിനുവേണ്ടി ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

അഗതിമന്ദിരങ്ങൾക്ക് ധനസഹായം

അഗതി മന്ദിരങ്ങളിലെ അന്തേവാസികളുടെ എണ്ണമനുസരിച്ചാണ് അവയ്ക്ക് ഗ്രാൻറ് കൊടുത്തുകൊണ്ടിരിക്കുന്നത്. ഇപ്രകാരം ആളൊന്നുക്ക് കൊടുത്തുകൊണ്ടിരിക്കുന്ന പ്രതിമാസ ഗ്രാൻറ്, 30 രൂപയിൽ നിന്ന് 35 രൂപയായി വർദ്ധിപ്പിക്കുന്നതാണ്. ഇതുമൂലമുണ്ടാകുന്ന അധികച്ചെലവ് 30 ലക്ഷം രൂപയാണ്.

അഞ്ചു വയസ്സിനു താഴെയുള്ള നിർദ്ധനരായ കുട്ടികൾക്ക് ഒരു നേരത്തെ ആഹാരം

ഇക്കൊല്ലം അന്തർദ്ദേശീയ ശിശുവർഷമായി ആചരിക്കുകയാണല്ലോ. കുട്ടികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് പരിഗണന നൽകുന്ന കാര്യത്തിന് ഈ വർഷത്തിൽ പ്രത്യേക പ്രസക്തിയുണ്ട്. പ്രൈമറി സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്ന പരിപാടി ഇപ്പോൾതന്നെ നിലവിലുണ്ട്. അഞ്ചുവയസ്സിന് താഴെയുള്ള കുട്ടികൾക്കും, പോഷകാഹാരം നൽകുന്ന പരിപാടികൾ സാമൂഹ്യക്ഷേമവകുപ്പ്, ആരോഗ്യവകുപ്പ്, ഹരിജനക്ഷേമവകുപ്പ്, സാമൂഹ്യവികസനവകുപ്പ് എന്നിവ നടത്തി വരുന്നുണ്ട്. ഇതെല്ലാമായിട്ടും ഒരു നേരത്തെ ആഹാരമെങ്കിലും ശരിക്കും ലഭിക്കാത്ത കുട്ടികൾ ഇന്നാട്ടിലുണ്ട്. അഞ്ചുവയസ്സിനു താഴെയുള്ള എല്ലാ ശിശുക്കൾക്കും ഒരു നേരത്തെ ആഹാരമെങ്കിലും മുടങ്ങാതെ ലഭിക്കുന്നുണ്ടെന്നു ഉറപ്പു വരുത്തേണ്ടതേ സമൂഹത്തിൻറെ പ്രാഥമികമായ കടമയായി കരുതേണ്ടതാണ്. വിവിധ വകുപ്പുകൾ ഇപ്പോൾ ഈ രംഗത്ത് ചെയ്തുവരുന്ന കാര്യങ്ങൾ ഏകോപിപ്പിച്ച് നേരത്തെ സൂചിപ്പിച്ച വിധത്തിൽ ദിവസം ഒരുനേരത്തെ ആഹാര

LIBRARY ARCHIVES Kerala Legislative Assembly